**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരും ഭവനരഹിതരുമായവർക്കുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായവർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് റവന്യൂ എ3/144/20 നമ്പർ ഫയലിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (ബി) | വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി മാറ്റി വച്ചിരുന്നതാണ്. എന്നാൽ ആരും വീട് വച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തതിനാൽ 144/എ3/2020 എന്ന ഫയലിൽ സഹകരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |
| (സി) | ഈ പദ്ധതിയ്ക്കായി കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1A/8/28 സർവ്വേ നമ്പരിൽപ്പെട്ട പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി മാറ്റി വച്ചിരുന്നതാണ്. എന്നാൽ ആരും വീട് വച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന് |

| | | | |
|---|---|---|---|
| | | | തഹസിൽദാർ റിപ്പോർട്ട് ചെയ്യതിനാൽ 144/എ3/2020 എന്ന ഫയലിൽ സഹകരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറോട്ടു റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ